വിതരണം നടത്തിവരുന്നു. ഇതിനുപുറമെ അംഗീകൃത ഏജൻസികളായ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിൽനിന്നുമുള്ള നെൽവിത്തും കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) അങ്ങനെ നൽകുന്ന നെൽവിത്തുകൾ ഗുണമേന്മ ഏറിയതും നല്ല വിളവ് നൽകുന്നതുമായിരിക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടാകുമോ?

രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന നെൽവിത്ത് സീഡ് ആക്ട് 1966-ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗുണമേന്മയും നല്ല വിളവും ഉറപ്പുവരുത്തിയാണ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവരുന്നത്.

(സി) നെൽവിത്ത് കർഷർക്ക് സ്വന്തമായി ഉത്പാദിപ്പിക്കാൻ പ്രത്യേക അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാടശേഖര സമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ നിലവിൽ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം സർട്ടിഫൈഡ് നെൽവിത്തുൽപ്പാദനം നടത്തിവരുന്നുണ്ട്. സർട്ടിഫൈഡ് നെൽവിത്തുൽപ്പാദനം നടത്തിവരുന്ന കർഷകർക്ക് ആവശ്യമായ എഫ്.എസ്.2 അടിസ്ഥാന നെൽവിത്ത് പൂർണ്ണമായും സൗജന്യമായിട്ടാണ് നൽകിവരുന്നത്. കർഷകർക്ക് സ്വന്തമായി നെൽവിത്തുൽപ്പാദനം നടത്തി സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നതിന് സീഡ് സർട്ടിഫിക്കേഷൻ നടപടികൾ ആവശ്യമില്ല. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിൽ അംഗംങ്ങളായി ചേർന്ന് നെൽവിത്തുൽപ്പാദനം നടത്തുന്ന കർഷകന് പരമാവധി 2 ഹെക്ടർ വരെ കൃഷിചെയ്യാൻ സാധിക്കും.

നെൽകർഷകരിൽനിന്നുള്ള നെല്ല് സംഭരണം

43 (1028) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരിൽനിന്നും സർക്കാർ നെല്ല് സംഭരണം നടത്താൻ തുടങ്ങിയത് എന്നുമുതലാണ്; ഇപ്പോൾ ഒരു കിലോ നെല്ലിന് എന്ത് വില നൽകിയാണ് സംഭരണം നടത്തുന്നത്; ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നെൽകർഷകരിൽനിന്നും വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം സപ്ലൈകോ വഴി നെല്ല് സംഭരണം നടത്താൻ തുടങ്ങിയത് 2004-5 സീസൺ മുതലാണ്. ഇപ്പോൾ ഒരു കി.ഗ്രാം നെല്ലിന് 27.48 രൂപ നിരക്കിൽ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. അടുത്ത സീസൺ മുതൽ സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. കിലോ ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് 28 രൂപ നിരക്കിൽ സംഭരിക്കുന്നതാണ്. നെല്ല് സംഭരണത്തിനുള്ള ഏജൻസിയായി നിലവിൽ സപ്ലൈകോയെയാണ് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) പാലക്കാടിനെ അപേക്ഷിച്ച് മണ്ണിന് നനവ് കൂടുനാടൻ മേഖലയിൽ കൂടുതൽ ഉള്ളതിനാൽ ഇവിടെനിന്നും സംഭരിക്കുന്ന നെല്ലിന് നനവ് കൂടുതൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെല്ലിന്റെ നനവിന്റെ മറയിൽ സ്വകാര്യ മില്ലുടമകൾ കൂടുനാടൻ മേഖലയിലെ കർഷകരുടെ നെല്ലിന് കുറവ് വില നൽകി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) മണ്ണിന്റെ പ്രത്യേകത കണക്കിലെടുത്തുള്ള ഈ ചൂഷണത്തിൽ നിന്നും കൂടുനാടൻ മേഖലയിലെ നെൽകർഷകരെ സംരക്ഷിക്കുംവിധം നെല്ല് സംഭരണത്തിൽ കൂടുനാട് മേഖലയ്ക്ക് പ്രത്യേക പാക്കേജ് നൽകാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോ വഴി കൂടുനാടൻ മേഖലയിൽനിന്ന് സംഭരിക്കുന്ന നെല്ല് സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില നൽകിയാണ് ഏറ്റെടുക്കുന്നത്. കേന്ദ്രസർക്കാർ ഗുണമേന്മ മാനദണ്ഡ പ്രകാരം നെല്ലിന്റെ നനവ് 17%ൽ അധികരിക്കാൻ പാടില്ല. ഇത്തരത്തിൽ നനവ്/ഈർപ്പം കൂടുതലുള്ള നെല്ല് ഉണങ്ങി നിശ്ചിത ഗുണനിലവാര പരിധിക്കുള്ളിലായ ശേഷമാണ് സംഭരിക്കുന്നത്.

കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷിയുടെ വിശദാംശങ്ങൾ

44 (1029) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി ഏതു ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നത്; വർഷം തിരിച്ച് വ്യക്തമാക്കാമോ?